LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

334 (2209) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.റ്റി.ഡി.എഫ്.സി. അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംങ് കോംപ്ലക്സിൽ ലേല ദർഘാസ് നടപടികളിലൂടെ ഓരോ നിലയിലും എത്ര സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത് ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എത്ര സ്ഥലമാണ് ഇനി ലേലത്തിൽ പോകാനുള്ളത് പ്രസ്തുത സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനായി നാളിതുവരെ എത്ര തവണ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വാടകയ്ക്ക് കൊടുത്തിട്ടുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

Sl.No.	Floor	Area Rented out
1	Ground Floor	9138.73 sq.ft
2	First Floor	വാടകയ്ക്ക് നൽകിയിട്ടില്ല
3	Second Floor	വാടകയ്ക്ക് നൽകിയിട്ടില്ല
4	Third Floor	വാടകയ്ക്ക് നൽകിയിട്ടില്ല
5	Fourth Floor	1633.68 sq.ft
6	Fifth Floor	22015 sq.ft

(ബി) ഇനി വാടകയ്ക്ക് പോകാനുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

Sl.No	Floor	Vacant space
1	Ground Floor	1151.12 sq.ft
2	First Floor	12738.05 sq.ft
3	Second Floor	19833.59 sq.ft
4	Third Floor	19833.59 sq.ft
5	Fourth Floor	18197.74 sq.ft
6	Fifth Floor	മുഴുവൻ സ്ഥലവും വാടകയ്ക്ക് പോയിട്ടുണ്ട്.

ഇതുവരെ 5 തവണ ദർഘാസ് - ലേല നടപടികൾ നടത്തിയിട്ടുണ്ട്. ദർഘാസ് - ലേല നടപടി കൂടാതെ ആവശ്യക്കാരെ കണ്ടെത്തി നേരിട്ട് സ്ഥലം വാടകയ്ക്ക് നല്കുന്നതിനായി കെ.റ്റി.ഡി.എഫ്.സി.-യുടെ ബോർഡ് തീരുമാനപ്രകാരം ഒരു ഡയറക്ട് മാർക്കറ്റിംഗ് ഏജൻസിയേയും എംപാനൽ ചെയ്തിട്ടുണ്ട്. ആറാംഘട്ട ദർഘാസ്-ലേലത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കോർപ്പറേഷൻ നിജപ്പെടുത്തിയിട്ടുള്ള പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകുവാൻ വാടകക്കാർ വിമുഖത കാണിക്കുന്നതാണ് സ്ഥലങ്ങൾ വാടകയ്ക്ക് പോകുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണം. Online trading-ന്റെ കടന്നുകയറ്റവും ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന് മറ്റൊരു കാരണമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസുകൾ

335 (2210) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 വർഷത്തിൽ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകളാണ് നിരത്തിലിറക്കിയത് ; ഇതിനാവശ്യമായ തുക എവിടെ നിന്നാണ് ലഭ്യമാക്കിയത് ?

ഉത്തരം

2014-15 വർഷത്തിൽ 18 പുതിയ ബസുകളാണ് നിരത്തിലിറക്കിയത്. ഇതിനാവശ്യമായ തുക തിരുവനന്തപുരം റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും സർക്കാർ പദ്ധതി ഇനത്തിൽ നൽകിയ തുകയിൽനിന്നും HUDCO-ൽനിന്നും മൂലധന വായ്പ ലഭ്യമാക്കിയുമാണ് കണ്ടെത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly